# ഈ പുതിയ വർഷത്തെ മുക്തിവർഷമായി ആചരിക്കു, സഫലമാക്കു സഫലത നേടൂ

ഇന്ന് ബാപ്ദാദ തൻറെ നവ ജീവിതത്തിൻറെ ശ്രേഷ്ഠ ആത്മാക്കൾക്ക് നവയുഗ രചയിതാ ആത്മാക്കൾക്ക് പുതു വർഷത്തിന്റെ ആശംസകൾ നൽകുകയാണ്. ലോകത്തിന് പുതിയ വർഷം ആരംഭിക്കുകയാണ്. താങ്കൾ കുട്ടികളുടെ മനസ്സിൽ നവയുഗം ഓർമ്മ വരികയാണ്. പുതുവർഷം നാളെ വരാൻ പോകുന്ന പോലെ നവയുഗവും നാളെ വരാൻ പോവുകയാണ്.ഇങ്ങനെ സ്മൃതി വരുന്നുവോ ഞങ്ങളുടെ പുതിയ യുഗം ഇതാ വന്നെത്തി?ഇങ്ങനെ ഇന്ന് പുതിയ വർഷത്തിന് മനുഷ്യാത്മാക്കളുടെ മനസ്സിൽ സന്തോഷമാണ്, അല്പകാലത്തെ ഉത്സാഹമാണ്,അതുപോലെ താങ്കൾ ആത്മാക്കൾക്ക് നവയുഗം വരുന്നതിന്റെ സദാകാലത്തെ സന്തോഷമാണ്. ഇങ്ങനെയാണ് തോന്നുന്നത് ഇന്നത്തെയും നാളത്തെയും കാര്യമാണ്. ഇന്ന് പഴയ യുഗമാണ് നാളെ പുതിയ യുഗം മുന്നിൽ നിൽക്കുകയാണ്. ഡ്രാമയനുസരിച്ച് ഇന്നത്തെയും നാളത്തെയും കാര്യമാണ്, സ്പഷ്ട സ്മൃതി അനുഭവമാകുന്നുണ്ടോ? അതോ കേവലം പുതിയ വർഷം ആചരിക്കാൻ വന്നതാണോ? പുതിയ വർഷം നവയുഗത്തിന്റെ ഓർമ്മ നൽകുന്നു. ഈ ഉണർവ്വൽസാഹം ഹൃദയത്തിൽ ഉണ്ടോ നാളെ നാം എന്താകും? തൻറെ പുതിയ ശരീരമാകുന്ന വസ്ത്രം മുന്നിൽ വരുന്നുണ്ടോ? ഓർമ്മയുണ്ടോ താങ്കളുടെ പുതിയ ശരീരം പുതിയ യുഗത്തിൽ എങ്ങനെ സുന്ദരമായിരുന്നു? എങ്ങനെയുള്ള യുഗം ആയിരുന്നു?എങ്ങനെയുള്ള രാജ്യമായിരുന്നു? എങ്ങനെ പ്രകൃതി ദാസിയായിരുന്നു, സതോ പ്രധാനമായിരുന്നു! ആ രാജ്യ അധികാരി സ്ഥിതിയുടെ സ്മൃതി സ്പഷ്ടമാണോ? കാണപ്പെടുന്നുണ്ടോ ആ പുതിയ ലോകം എത്ര സുന്ദരമാണ്? ഒരു സെക്കൻഡിൽ തൻറെ രാജ്യ അധികാരത്തിന്റെ അനുഭവം ചെയ്യാൻ കഴിയുന്നുവോ അതോ ചെയ്തുകൊണ്ടിരിക്കുകയാണോ? ഒരു സെക്കൻഡിൽ നവയുഗത്തിലേക്ക് പോകൂ. പോകാൻ അറിയാമോ? ഇത്ര തവണ ഈ രാജ്യ അധികാരം പ്രാപ്തമാക്കിയിട്ടുണ്ട് ഓർമ്മയുണ്ടോ? അനുഭവം ചെയ്യൂ തൻറെ രാജ്യം എത്ര പ്രിയപ്പെട്ടതാണ്! വേറിട്ടതുമാണ് എന്നാൽ പ്രിയപ്പെട്ടതുമാണ്. അപ്പോൾ സെക്കൻഡിൽ നമ്മുടെ രാജ്യവും നമ്മുടെ വിശ്വരാജ്യ അധികാരി സ്വരൂപവും സ്മൃതിയിൽ വരട്ടെ. ആ ആൾക്കാർ പുതുവർഷത്തിൽ പരസ്പരം അൽപകാലത്തെ സമ്മാനം നൽകുന്നു,ബാബ നവയുഗത്തിന്റെ സമ്മാനം നൽകുന്നു വിശ്വരാജ്യ അധികാരത്തിന്റെ. ഈ അവിനാശി സമ്മാനം ഈ സമയത്ത് ബാബ യിലൂടെ താങ്കൾ ഏവർക്കും ഇളകാത്ത ഭാവിയായി മാറുന്നു. ഈ വിധിയെ ആർക്കും മാറ്റാനാവില്ല. അചഞ്ചലവും അഖണ്ഡവും ആണ്. അപ്പോൾ ഇങ്ങനെയുള്ള സമ്മാനം ലഭിച്ചില്ലേ? എങ്കിൽ ഈ സമ്മാനം സൂക്ഷിച്ചു വയ്ക്കുക, ഒരു കള്ളനും ഈ സമ്മാനം എടുത്തു കൊണ്ട് പോകരുത്. എല്ലാവരുടെ കയ്യിലും ഡബിൾ ലോക്ക് ഇല്ലേ? ഇന്നത്തെ കാലത്ത് സിംഗിൾ ലോക്ക് നടക്കുകയില്ല ഡബിൾ ലോക്ക് വേണം. ഗോദ്റെജിന്റെ പൂട്ടല്ല ഗോഡിന്റെ പൂട്ട് വേണം. അപ്പോൾ ഗോഡ് ഇങ്ങനെയുള്ള ലോക്ക് നൽകിയിട്ടുണ്ട് അത് ആർക്കും തകർക്കാൻ ആവില്ല. അഥവാ അശ്രദ്ധരാവുകയാണെങ്കിൽ കള്ളൻ വരും. കള്ളനും സമർത്ഥനാണ് അവർക്ക് അറിയാം ഇവരുടെ പൂട്ട് ഇന്ന് ദുർബലമാണ് അതിനാൽ അശ്രദ്ധരാകാതിരിക്കു.അപ്പോൾ ഈ പുതിയ വർഷത്തിൽ സ്വയത്തെ പ്രതിയും സേവനത്തെ പ്രതിയും എന്തെങ്കിലും പുതിയ പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ? കോൺഫറൻസ് ചെയ്യണം, സംഭാഷണം നടത്തണം അതൊക്കെയുണ്ട്. പുതിയ പദ്ധതി എന്താണ് ഉണ്ടാക്കിയിട്ടുള്ളത്? ബാപ്ദാദ ഈ പുതുവർഷത്തിൽ ദേശത്തിലും വിദേശത്തിലും വിവിധ വർഗ്ഗത്തിലെ വിശേഷ ആത്മാക്കളുടെ ഒരു പൂച്ചെണ്ട് കാണാൻ ആഗ്രഹിക്കുന്നു. വർഗ്ഗങ്ങളുടെ സേവനം ധാരാളം ചെയ്തതല്ലേ ഇപ്പോൾ ഓരോ വർഗ്ഗത്തിന്റെയും ഇങ്ങനെ ഓരോരോ രത്നം തയ്യാറാക്കുക ഒരു വർഗ്ഗവും ഒഴിവാക്കരുത്. എന്തുകൊണ്ട്? ഇപ്പോൾ സമയം സമീപത്തേക്ക് വരികയാണ് അപ്പോൾ ഒരു വർഗ്ഗത്തിൽ ഉള്ളവരും പരാതിപ്പെടരുത് ഞങ്ങളുടെ വർഗ്ഗം വിട്ടുപോയി. ഓരോരോ വർഗ്ഗത്തിലെയും വിശേഷപ്പെട്ട ഓരോരോ ക്വാളിറ്റി ഉള്ളവരുടെ, മൈക്കിന്റെ സേവനം ചെയ്യാൻ കഴിയുന്നവരുടെ. എന്തെന്നാൽ സമയം സമീപത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ് അപ്പോൾ സർവ്വ വർഗ്ഗത്തിൽ ഉള്ളവർ സർവ്വധർമ്മത്തിൽ ഉള്ളവർ എല്ലാവരുടെയും വായിൽ നിന്ന് ഒരു ശബ്ദം പുറപ്പെടണം ബാബ വന്നു, എന്തെന്നാൽ ഈ സംഗമയുഗത്തിൽ എല്ലാ ധർമ്മ സ്ഥാപക ആത്മാക്കൾ അഥവാ സർവ്വ വർഗ്ഗത്തിലെയും ആത്മാക്കളിൽ വിത്ത് വീഴണം. അവർ ഇത്രയും ശക്തി തന്നിൽ എടുത്തുകൊണ്ടു പോകണം പിന്നീട് അവരവരുടെ സമയത്ത് ആ വർഗ്ഗത്തിൻറെ അഥവാ ധർമ്മത്തിന്റെ സൃഷ്ടിക്കളാകണം. അപ്പോൾ എല്ലാ ബീജവും താങ്കൾക്ക് തയ്യാറാക്കണം സമയത്ത് അവരവരുടെ വകുപ്പിൽ നിമിത്തം ആകുവാൻ. എന്തുകൊണ്ടെന്നാൽ ബീജം ബാബയാണ്, താങ്കൾ ബ്രാഹ്മണാത്മാക്കൾ വേരാണ്, സർവ്വാത്മാക്കളും ബീജത്തിൽ നിന്നും വേരിൽ നിന്നും തന്നെയാണ് ഉണ്ടാകുന്നത്. അപ്പോൾ ഇങ്ങനെയുള്ള പൂച്ചെണ്ട് ബാബയുടെ മുന്നിൽ കൊണ്ടുവരൂ, വിദേശത്തുള്ളവരും ദേശത്തുള്ളവരും. ഓരോരോ ഉദാഹരണം കൊണ്ടുവരും ഉദാഹരണത്തിൽ നിന്നും മറ്റനേകർ സ്വതവേ തന്നെ ഉണ്ടാകു

ന്നു. എന്നാൽ ഓരോരോ ശക്തി ശാലി മൈക്ക് ആകണം, ഇങ്ങനെ ബീജം എന്ന് പറഞ്ഞാലും ധർമ്മം എന്നോ വർഗ്ഗം എന്നോ പറഞ്ഞാലും അല്ലെങ്കിൽ വൈവിധ്യമുള്ള പൂക്കളുടെ പൂച്ചെണ്ട് ആയാലും തയ്യാറാക്കേണ്ടതുണ്ട്. ഒന്നുപോലും പോകരുത് അപ്പോൾ പറയും വിശ്വ മംഗളകാരി, സർവ്വാത്മാക്കളുടെ നിമിത്ത ഉദ്ധാരണം ചെയ്യുന്ന ആത്മാക്കൾ. ഒരു ശാഖ പോലും കുറയാൻ പാടില്ല സർവ്വ ശാഖകളും വേണം. തൻറെ നവയുഗത്തിൽ പല വർഗങ്ങളും ഉണ്ടാവുകയില്ല, എന്നാൽ ആ ആത്മാക്കളിലും ആരാണ് ദ്വാപരത്തിൽ അഥവാ കലിയുഗത്തിൽ നിമിത്ത സ്ഥാപകർ അവർക്ക് ശക്തി താങ്കളിലൂടെ തന്നെ ലഭിക്കണം. എങ്ങനെ എല്ലാ ധർമ്മ പിതാക്കന്മാരും താങ്കൾക്ക് മുന്നിൽ ബാബയുടെ കൊടി പ്രത്യക്ഷതയുടെ കൊടി പാറിക്കുവാൻ സഹയോഗിയാകുമോ, അതുപോലെ സർവ്വ വർഗ്ഗത്തിലുള്ളവരും പ്രത്യക്ഷതയുടെ കൊടി പാറിക്കുന്നതിൽ സഹയോഗിയാകും, അപ്പോൾ പറയും സർവരുടെയും സഹയോഗത്തിലൂടെ സുഖമയ ലോകത്തിൻറെ സ്ഥാപന. സഹയോഗി ആയിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അതിൽ ഇപ്പോൾ വിശേഷ ആത്മാവിനെ സഹയോഗത്തിൽ മുന്നോട്ടു ഉയർത്തു, നിമിത്തമാക്കൂ. നിമിത്തമാക്കുന്നതിൻറെ ബീജം ഇടൂ. മനസ്സിലായോ എന്ത് ചെയ്യണം? വിദേശത്തും ഇപ്പോൾ ഐ പി അഥവാ വിഐപി യുടെ കണക്ഷൻ സഹജമായി മാറിയില്ലേ. പ്രയാസം അല്ലല്ലോ? പ്രയാസമാണോ സഹജമാണോ? അപ്പോൾ താങ്കൾ എല്ലാവരും അടുത്ത പുതുവർഷത്തിൽ വീണ്ടും വരും അപ്പോൾ പുതുവർഷ സമ്മാനമായി ബാപ്ദാദ ഇങ്ങനെയുള്ള പൂച്ചെണ്ട് കാണാൻ ആഗ്രഹിക്കുന്നു. ഒരു വർഷമുണ്ട്, കുറച്ചൊന്നുമല്ല. ദേശത്തുള്ളവരും വിദേശത്തുള്ളവരും ചെയ്യുമല്ലോ? (ഹാം ജി )തീർച്ചയായും ചെയ്യും. പറയൂ നടന്നത് തന്നെയാണ്. കേവലം നിമിത്തം ആകണം. ഡബിൾ വിദേശി പറയൂ? എല്ലാ വിദേശികളും കൈയ്യടിക്കൂ. ശരി നോക്കാം ആദ്യം ആരാണ് തയ്യാറാക്കുന്നത് ദേശത്തുള്ളവരോ വിദേശത്തുള്ളവരോ? എത്ര വലിയ പൂച്ചെണ്ടാണ് തയ്യാറാക്കുന്നത്? ശരിയാണല്ലോ? നാനാഭാഗത്തുള്ളവരും കേട്ടുകൊണ്ടിരിക്കുകയാണ്. ദേശത്തുള്ളവരും കേൾക്കുന്നുണ്ട് വിദേശത്തുള്ളവരും കേൾക്കുന്നുണ്ട്. ഇപ്പോൾ ഉണർവ്വ വരുന്നു. അവരുടെ മനസ്സിൽ പദ്ധതി ഉണ്ടാവുകയാണ് ഇത് ചെയ്യും ഇത് ചെയ്യും. ശരി ഇത് വിശ്വ സേവനമായി.സ്വയത്തിനു വേണ്ടി എന്തു ചെയ്യും? അതും പദ്ധതി ഉണ്ടാക്കുമല്ലോ? എന്തെന്നാൽ അഥവാ സ്വമംഗളത്തിന്റെ ശ്രേഷ്ഠ പദ്ധതി ഉണ്ടാക്കുകയില്ലെങ്കിൽ വിശ്വ സേവനത്തിൽ സകാശ് ലഭിക്കുകയില്ല. അതിനാൽ ബാപ്ദാദ എല്ലാവരുടെയും ഹൃദയങ്ങളുടെ ഉണർവ്വൽസാഹത്തെ അറിഞ്ഞുകൊണ്ട് ഇതാണ് പറയുക ഓരോ ഉത്സവത്തിലും കുട്ടികൾ ഗോൾഡൻ ജൂബിലിക്കാരായാലും ഡയമണ്ട് ജൂബിലിക്കാരായാലും സിൽവർ ജൂബിലിക്കാരായാലും മറ്റു ജൂബിലിക്കാർ ആയാലും എല്ലാവരും ഹൃദയം കൊണ്ട് ഉണർവുത്സാഹത്തോടെ തൻറെ മനസ്സിൽ ബാബയോട് ഈ പ്രതിജ്ഞ ചെയ്തിട്ടുണ്ട് ഞാൻ ബാപ്സമാനമായി കാണിക്കുക തന്നെ ചെയ്യും. എല്ലാവരും ഈ പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ? ഡബിൾ വിദേശികൾ പ്രതിജ്ഞ ചെയ്തുവോ? (എല്ലാവരും കൈ വീശി ) നല്ലത് ആശംസകൾ. പ്രതിജ്ഞ വളരെ മധുരമായി വളരെ നന്നായി വളരെ പ്രിയപ്പെട്ടതായി വളരെ ശക്തിശാലിയായി ചെയ്തു. ഇനി കേവലം നിറവേറ്റി കൊണ്ടിരിക്കുക. പ്രതിജ്ഞ ചെയ്യുന്നവർ ആ സമയം വളരെ ഉണർവ്വുൽസാഹത്തോടെ ചെയ്യുന്നു. ധൈര്യവും വളരെ നന്നായി വെക്കുന്നു. പിന്നീട് എന്ത് സംഭവിക്കുന്നു? ചിലപ്പോൾ മായ എലിയുടെ രൂപത്തിൽ വരുന്നു ചിലപ്പോൾ പൂച്ചയുടെ രൂപത്തിൽ വരുന്നു എന്താണ് ചെയ്യുക? മ്യാവൂ മ്യാവൂ പറയുമല്ലോ. അപ്പോൾ കുട്ടികൾ എന്താണ് പറയുന്നത്? (മേ മേ മേ) ഞാൻ ഞാൻ ഞാൻ,അപ്പോൾ ഈ പൂച്ചയുടെ മ്യാവൂ മ്യാവൂ പറയരുത്. എലി എന്താണ് ചെയ്യുന്നത്? എലി അവിവേകിയായി എന്താണോ കാണുന്നത് കഴിച്ചു കളയുന്നു, കരണ്ടു കളയുന്നു. അപ്പോൾ മായയും കുട്ടികളുടെ ഖജനാക്കളെ കരണ്ട് തിന്നുന്നു. ചിലപ്പോൾ സിംഹം വരുന്നു. സിംഹം എന്താണ് ചെയ്യുക? നിർഭയരായവർക്ക് ഭയം ജനിപ്പിക്കുന്നു. സർവ്വശക്തിവാൻ കുട്ടികളെ നിരാശരാക്കി മാറ്റുന്നു. ഇങ്ങനെ ചെയ്യരുത് വരാൻ അനുവദിക്കരുത് ഡബിൾ ലോക്ക് വെച്ചിരിക്കണം. ഈ വർഷം ആരെയും വരാൻ അനുവദിക്കരുത്.

ഈ വർഷം സർവ്വ കാര്യങ്ങളിൽ നിന്നും മുക്ത വർഷമായി ആചരിക്കൂ. മുക്തി വർഷം. എപ്പോൾ ഈ മുക്തി വർഷം ആചരിക്കുമോ അപ്പോൾ മുക്തിധാമത്തിൽ പോകും. ഇതിനുവേണ്ടി എന്ത് ചെയ്യും? വളരെ ചെറിയ കാര്യമാണ് വലിയ കാര്യം ഒന്നുമല്ല. ബാപ്ദാദ വെറും കൊച്ചു സ്ലോഗൻ നൽകുകയാണ് 'സഫലമാക്കൂ, സഫലത നേടൂ'. മനസ്സിലായോ! സഫലമാക്കൂ, സഫലത നേടൂ. എന്ത് സഫലമാക്കണം? എന്ത് തന്നെ താങ്കളുടെ കൈവശമുണ്ടോ തൻറെ എന്ത് സമ്പത്തായാലും സമയം സങ്കല്പം ശ്വാസം അഥവാ ശരീരം മനസ്സ് ധനം സഫലമാക്കൂ, വ്യർഥമാക്കി കളയാതിരിക്കൂ, മോശമായതിനുവേണ്ടി എടുത്തു വയ്ക്കാതിരിക്കൂ. സങ്കല്പത്തെയും സഫലമാക്കൂ. ഓരോരോ സങ്കല്പം ഇതും താങ്കളുടെ സമ്പത്താണ്. ധനം സ്ഥൂല സമ്പത്ത് ആണെങ്കിൽ അതുപോലെ സൂക്ഷ്മ സമ്പത്താണ് സമയം ശ്വാസം സങ്കല്പം. ഓരോ സങ്കൽപവും വ്യർത്ഥമായി പോകരുത്, സഫലമാകണം. മനസാ സേവനത്തിലൂടെ ആകട്ടെ വാചാ ആകട്ടെ, കർമ്മത്തിലൂടെയാകട്ടെ പരിശോധിക്കൂ എത്ര സഫലമാക്കി? എത്ര ശേഖരിച്ചു? ബാപ്ദാദ ഈ വർഷം ഈ വിശേഷവരദാനം നൽകുകയാണ് സഫലമാക്കൂ കോടിമടങ്ങ് സഫലതയുടെ അനുഭവം ചെയ്യൂ. ഈ പ്രത്യക്ഷ ഫലം സഹജമായി പ്രാപ്തമാക്കാം കേവലം സത്യമായ

ഹൃദയത്തോടെ. സത്യമായ ഹൃദയത്തിൽ നിഷ്കളങ്കരുടെ നാഥനായ ബാബ വളരെ സഹജമായി സംപ്രീതനാകുന്നു, അതിനാൽ സഫലമാക്കു. ജ്ഞാന ധനം, ശക്തികളുടെ ധനം, ഗുണങ്ങളുടെ ധനം ഓരോ സമയവും സഫലമാക്കൂ. സഫലമാക്കാൻ അറിയുമോ അതോ ഒഴിഞ്ഞ മാറാനും എടുത്ത് വയ്ക്കാനും നന്നായി അറിയാമോ? ഒഴിഞ്ഞു മാററുത് ചെലവഴിക്കൂ. അപ്രതീക്ഷിതമായി എല്ലാം സംഭവിക്കും എന്ന് പറയുന്നുവെങ്കിൽ സദാ തയ്യാറാകണം. അപ്പോൾ എന്ത് തന്നെയുണ്ട് അതിനെ സഫലമാക്കു. ബാപ്ദാദയ്ക്ക് വേണ്ട, അവനവന് വേണ്ടി സമ്പാദിക്കൂ.ബാപ്ദാദ ദാതാവാണ് പക്ഷേ സഫലമാക്കുക എന്നാൽ സമ്പാദിക്കുക എന്തെന്നാൽ ബാപ്ദാദ സമയാനുസരണം സമ്പാദ്യത്തിന്റെ ശേഖരണം കണ്ടു. ഓരോരോ കുട്ടികളുടെ സമ്പാദ്യത്തിന്റെ കണക്ക് ബാപ്ദാദയുടെ കയ്യിലുണ്ട്. അപ്പോൾ സമ്പാദ്യത്തിന്റെ കണക്കിൽ എന്തു കണ്ടു? പല കുട്ടികളും ധാരാളം മനസ്സിലാക്കുന്നു അഥവാ പറയുന്നു എനിക്ക് ഈ ശേഖരണം ഉണ്ട് ഇതും സമ്പാദ്യം ഉണ്ട് പുറമേ നിന്ന് സമ്പാദ്യത്തിന്റെ കണക്ക് വളരെ വർണ്ണിക്കുന്നു എന്നാൽ ബാബയുടെ ശേഖരണത്തിന്റെ കണക്കിൽ ആര് എന്ത് പറയുന്നു മനസ്സിലാക്കുന്നുവോ അതിൽ നിന്നും വളരെ കുറഞ്ഞ സമ്പാദ്യമാണ്.എന്തുകൊണ്ട്? അതേ ആദ്യപാഠം 'ഞാനും എന്റേതും'. ഞാൻ ചെയ്തു എൻറെ സേവനമാണിത് എൻറെ കാര്യമാണിത്.അപ്പോൾ ശേഖരിക്കുന്ന സമയത്ത് അവർ മനസ്സിലാക്കുന്നു ശേഖരിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ അത് താനെ ശേഖരണത്തിന്റെ കണക്കിൽ നിന്നും പോയി വ്യർത്ഥത്തിന്റെ കണക്കിലേക്ക് ശേഖരിക്കപ്പെടുന്നു. ഇത് ഓട്ടോമാറ്റിക്കായ സൂക്ഷ്മ മെഷീനറിയാണ്. ബാബ ചെയ്യിപ്പിച്ചു, ബാബയുടെ സേവനമാണ്, എൻറെ സേവനമല്ല. ഞാൻ ചെയ്തു, അല്ല. വർണ്ണിക്കാതിരിക്കുഞാൻ ഇത് ചെയ്തു ഞാൻ ഇത് ചെയ്യുകയാണ് ഞാൻ ഇത് ചെയ്യുകയാണ്....ഈ ഞാൻ ഞാൻ അരുത്. ബാബാ ബാബാ പറയൂ,എങ്കിൽ കോടിമടങ്ങ് ശേഖരണം ആകും. ഞാൻ എന്റേത് എന്ന് പറയുകയാണെങ്കിൽ ട്രാൻസ്ഫറായി വ്യർഥത്തിന്റെ കണക്കിൽ ശേഖരിക്കപ്പെടും. ഈ ഓട്ടോമാറ്റിക് മെഷീനറി വളരെ വേഗം ഉള്ളതാണ്, താങ്കൾക്ക് അറിയാനേ കഴിയുകയില്ല. ഇതിൻറെ പരിശോധനയും വളരെ സത്യമായ ഹൃദയത്തോടെ ഞാൻ എന്റേത് എന്നതിൽ നിന്നും വേറിട്ട് ചെയ്യുന്നവർക്കേ ചെയ്യാൻ കഴിയു. താങ്കൾ ആദ്യരത്നങ്ങൾ ആദിയിൽ സ്ഥാപനയിൽ നിന്ന് മാറി സേവനത്തിലേക്ക് വന്നപ്പോൾ എന്ത് ഭാവമായിരുന്നു ഉണ്ടായിരുന്നത്? എന്ത് വാക്കാണ് പുറപ്പെട്ടിരുന്നത്? ഞാനെന്ന ഭാവം ആയിരുന്നുവോ? ബാബാ ബാബാ എന്ന പറഞ്ഞു അപ്പോൾ ബാബയുടെ അവകാശിയായി. ആര് ഇന്ന് സേവനത്തിന്റെ ആദിയായോ ഇത് ബാബാ ബാബാ എന്ന് പറഞ്ഞതിന്റെ തെളിവാണ്.

ഇപ്പോൾ ബാപ്ദാദയുടെ അടുക്കൽ അവകാശി ക്വാളിറ്റി വളരെ കുറവാണ് വരുന്നത്. എന്തുകൊണ്ട്? ബാബ എന്നതും ഞാൻ എന്ന ഭാവവും കൂടികലർന്നിരിക്കുന്നു അതിനാൽ ഈ വർഷത്തിൽ ബാപ്ദാദ തുറന്ന ഹൃദയത്തോടെ വരദാനം നൽകുകയാണ് എത്രത്തോളം സമ്പാദിക്കണമോ അത്രത്തോളം ചെയ്തോളൂ, ചെയ്തോളൂ , ചെയ്തോളൂ. സഫലമാക്കൂ സഫലതാ മൂർത്തിയാകൂ.

ശരി

ഇപ്പോൾ ഏത് ഉത്സവം ആചരിച്ചു?സിൽവർ ജൂബിലി.സിൽവർ ജൂബിലിക്കാർ കൈ ഉയർത്തു. ആരുടെ ആഘോഷം ആചരിച്ചുവോ അവർ കൈ ഉയർത്തു. ഡബിൾ ആഘോഷം ആചരിച്ചു. ഭാരതത്തിൻറെ ആണ് എന്നാൽ വിദേശത്തിന്റെയും ആണ്. നല്ലതാണ് ഈ ആഘോഷിക്കുന്നത് അതായത് അവനവനോട് പക്കാ പ്രതിജ്ഞയുടെ മുദ്ര പതിക്കുക. ആഘോഷമാചരിച്ചു ബാപ്ദാദയ്ക്കും ദൃശ്യം നല്ലതായി തോന്നുന്നു. ഒപ്പം ഒപ്പം എന്ത് സങ്കല്പം ചെയ്യുന്നുവോ അതിന് എങ്ങനെ സർവ്വശക്തനായ ഗവൺമെന്റിന്റെ മുദ്ര പതിക്കുക സദാ അവിനാശിയും ഇളകാത്തതും ആയിരിക്കട്ടെ. ആചരിക്കുക എന്നാൽ പ്രതിജ്ഞ നിറവേറ്റുക അപ്പോൾ ഇങ്ങനെയുള്ള പക്കാ മുദ്ര പതിച്ചുവോ? അതോ പച്ചയായ മുദ്രയാണോ പതിച്ചത്? പക്കയായി പതിച്ചില്ലേ? ഈ സിൽവർ ജൂബിലിക്കാരായ കുമാരന്മാർ കൈ നന്നായി കൊണ്ടിരിക്കുന്നു. പക്കയായി ആചരിച്ചോ? നല്ലത്. ഈ ദൃശ്യം മറക്കാൻ പാടില്ല. ഒരിക്കലും എന്ത് ദുർബലത വന്നാലും അപ്പോൾ തന്റെ ഉത്സവത്തിൻറെ ഫോട്ടോ മുന്നിൽ കൊണ്ടുവരിക. ഓരോരുത്തരുടെയും ഫോട്ടോ എടുക്കുന്നില്ലേ. എല്ലാവർക്കും ലഭിക്കുന്നുണ്ടോ?അപ്പോൾ ഇങ്ങനെ ഫോട്ടോ എടുക്കുന്നില്ല, സ്വാർത്ഥതയ്ക്കായി എടുക്കുകയാണ്. ഫോട്ടോ എടുക്കുന്നത് ഇതിനാണ് ഇങ്ങനെയുള്ള ഏതെങ്കിലും സമയം വരുമ്പോൾ ഫോട്ടോ മുന്നിൽ കൊണ്ടുവരണം, അല്ലാതെ ഇങ്ങനെയല്ല അലമാരയിൽ അടച്ചു വയ്ക്കുക, സമയത്തും ഓർമിക്കാതിരിക്കുക. ഇത് ഏറ്റവും വലിയ സമ്മാനമാണ്, ഇത് സ്മൃതി നൽകാനുള്ള അടയാളമാണ്, ശരി.

ഡബിൾ വിദേശികൾ എന്ത് അത്ഭുതം ചെയ്യും? ഡബിൾ വിദേശികൾ ഇങ്ങനെയുള്ള അത്ഭുതം ചെയ്ത് കാണിക്കൂ ഇങ്ങനെയുള്ള ആത്മാക്കൾക്ക് സന്ദേശം നൽകു അവർ ഭാരതത്തിന് വേണ്ടി മൈക്ക് ആകണം.എന്തെന്നാ

ൽ ഭാരതത്തിൻറെ മൈക്കിനും പ്രഭാവമുണ്ട് എന്നാൽ വിദേശത്തെ പ്രഭാവം ഡബിൾ ആയിരിക്കും. അപ്പോൾ ഡബിൾ വിദേശികൾക്ക് ഇങ്ങനെയുള്ള മൈക്ക് തയ്യാറാക്കണം ചെയ്യുമോ? അടുത്തവർഷം മൈക്ക് വരണം. ഇങ്ങനെയല്ല  വെറുതെ പ്രഭാഷണം ചെയ്ത് പോവുക, അല്ല.സംബന്ധത്തിൽ സമീപം ആകണം. ജ്ഞാനത്തിലും യോഗത്തിലും നിയമിതമായില്ല എങ്കിൽ പോലും സത്യമായും ഇത് ഈശ്വരീയ കാര്യമാണ്, ഇങ്ങനെ ജീവിതമുണ്ടാക്കേണ്ടതാണ്, എന്നാൽ എന്നിൽ ധൈര്യം കുറവാണ് എന്ന് കരുതൂ. അതിനും ഒട്ടും കുഴപ്പമില്ല മറ്റുള്ളവർക്ക് നിമിത്ത മൈക്ക് ആയി ആയി സ്വയം ആയി തീർന്നോളും. അങ്ങനെ നേരെ വിദ്യാർത്ഥിയാവുകയില്ല എന്നാൽ സേവനത്തിന്റെ ബലത്തോടെ മറ്റുള്ളവർക്ക് നിമിത്തമായി അതിൻറെ പ്രഭാവത്തോടെ ആയിക്കോളും. അപ്പോൾ കേട്ടോ ഡബിൾ വിദേശികൾ? ഇപ്പോൾ കാണാം ഏത് രാജ്യമാണ് നിമിത്തമാകുക? ഏത് രാജ്യം നിമിത്തം ആയാലും പിന്നീട് അവർക്ക് അവാർഡ് നൽകും.

സർവ്വ നവയുഗത്തിന്റെ വിശ്വ അധികാരി നവ ജീവിതത്തിലൂടെ വിശ്വ പരിവർത്തകരായ ആത്മാക്കൾക്ക്, സദാ സഫലമാക്കുന്നതിലൂടെ സഫലതാ മൂർത്തിയാകുന്ന ആത്മാക്കൾക്ക്, സദാ തനിക്ക് വേണ്ടി പ്രതിജ്ഞകളുടെ സാകാര സ്വരൂപം നൽകുന്ന അചഞ്ചല അഖണ്ഡ സ്വരൂപ ആത്മാക്കൾക്ക്, സദാ ഉത്സവത്തിൽ കഴിഞ്ഞ് മറ്റുള്ളവർക്കും ഉത്സവത്തിലൂടെ ഉത്സാഹം നൽകുന്ന ആത്മാക്കൾക്ക്,ബാപ്ദാദയുടെ പുതുവർഷത്തിന്റെയും പുതുയുഗത്തിന്റെ സ്ഥാപനയുടെയും ആശംസകൾ,ആശംസകൾ,ആശംസകൾ. ഒപ്പം ഒപ്പം ധൈര്യം വെക്കുന്ന സർവ്വ കുട്ടികൾക്കും, മുന്നേറുന്ന 'ധൈര്യമുള്ള കുട്ടികൾക്ക് ബാബയുടെ സഹായം ' ഇങ്ങനെയുള്ള സർവ്വ കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

(രാത്രി 12 മണിക്ക് ശേഷം എല്ലാ കുട്ടികൾക്കും വീണ്ടും പുതു വർഷത്തിന് ആശംസ നൽകി )

സർവ്വ വിശ്വത്തിന്റെ കോണു കോണുകളിലെയും വിശ്വത്തിന്റെ നാനാഭാഗത്തും വിശേഷ നവ ജീവിതത്തിൽ കഴിയുന്ന എല്ലാവർക്കും പുതുവർഷത്തിന് ഒപ്പം ഒപ്പം നവയുഗത്തിന്റെയും ആശംസകൾ,ആശംസകൾ, ആശംസകൾ.ബ്രാഹ്മണ കുട്ടികൾക്ക് ഓരോ ദിവസവും ഓരോ സെക്കൻഡും പുതിയതാണ്. ഇപ്പോൾ പഴയ വർഷത്തിന് വിട പറഞ്ഞു പുതുവർഷത്തിന്റെ ആശംസകൾ.ഇങ്ങനെ സദാ ഓരോ സെക്കൻഡ് എന്ത് സങ്കല്പം ചെയ്താലും, കർമ്മം ചെയ്താലും ഓരോ കർമ്മം, സങ്കല്പം ആശംസ ഉള്ളതാകണം. ആരെ സമ്പർക്കത്തിൽ വന്നാലും അവർ സദാ ആശംസകൾ ആശംസകൾ എന്ന ഗീതം തന്നെ പാടിക്കൊണ്ടിരിക്കണം.ഈ പുതുവർഷത്തിൽ എല്ലാവർക്കും ആരെ ലഭിച്ചിട്ടുണ്ടോ അഥവാ ആര് കൂടെ ഉണ്ടോ അവർക്ക് സദാ സന്തോഷത്തിന്റെ ദിൽഖുശ് മിഠായി കഴിപ്പിച്ചു കൊണ്ടിരിക്കണം. സദാ സന്തോഷത്തിൽ മനസ്സുകൊണ്ട് നൃത്തം ചെയ്തുകൊണ്ടിരിക്കണം, സേവനത്തിൽ എല്ലാവർക്കും സന്തോഷത്തിന്റെ ഖജനാവ് നിറച്ച് നിറച്ച് വിതരണം ചെയ്യണം, അപ്പോൾ ഇങ്ങനെയുള്ള പുതുജീവിതം, പുതിയ ഉണർവുത്സാഹത്തിന് നാനാ ഭാഗത്തെയും കുട്ടികൾക്ക് പുതുവർഷത്തോടൊപ്പം ആശംസകൾ, ആശംസകൾ, ആശംസകൾ. സുപ്രഭാതം, സുപ്രഭാതം. ശരി ഓം ശാന്തി.

## വരദാനം: ദൃഢനിശ്ചയത്തിന്റെ ആധാരത്തിൽ സദാ വിജയി ആകുന്ന ബ്രഹ്മാ ബാബയുടെ സ്നേഹിയായി ഭവിക്കട്ടെ.

ആര് ദൃഢനിശ്ചയം വയ്ക്കുന്നുവോ അപ്പോൾ നിശ്ചയത്തിന്റെ വിജയം ഒരിക്കലും ഇളകുകയില്ല. അഥവാ അഞ്ചു തത്വങ്ങളും അല്ലെങ്കിൽ ആത്മാക്കളും എത്ര തന്നെ എതിരിട്ടാലും ശരി എന്നാൽ അവർ എതിരിടും താങ്കൾ ഇളകാത്ത നിശ്ചയത്തിന്റെ ആധാരത്തിൽ ഉൾക്കൊള്ളാനുള്ള ശക്തിയോടെ ആ എതിരിനെയും ഉൾക്കൊള്ളും. ഒരിക്കലും നിശ്ചയത്തിൽ ചഞ്ചലത ഉണ്ടാവുകയില്ല. ഇങ്ങനെ അചഞ്ചലരായിരിക്കുന്ന വിജയി കുട്ടികൾ തന്നെയാണ് ബാബയുടെ സ്നേഹി.സ്നേഹി കുട്ടികൾ സദാ ബ്രഹ്മാബാബയുടെ കൈകൾക്കുള്ളിൽ ആയിരിക്കും.

## സ്ലോഗൻ: സർവ്വ ഖജനാക്കളുടെയും ചാവി പ്രാപ്തമാക്കണമെങ്കിൽ പരമാത്മ സ്നേഹത്തിൻറെ അനുഭവി ആകൂ.

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
ഓരോ കാര്യത്തിൽ മനോവൃത്തിയിൽ ദൃഷ്ടിയിൽ കർമ്മത്തിൽ നിർമോഹത്വം അനുഭവമാകട്ടെ. ഇവർ സംസാരിക്കുകയാണ് എന്നാൽ വേറിട്ട, പ്രിയപ്പെട്ടതായി തോന്നുന്നു. ആത്മീയ പ്രിയം. നമ്പർവൺ ബ്രഹ്മാവിൻറെ ആത്മാവിനൊപ്പം താങ്കൾ എല്ലാവർക്കും മാലാഖയായി പരം ധാമത്തിൽ പോകണം എങ്കിൽ മനസ്സിൻറെ ഏകാഗ്രതയിൽ ശ്രദ്ധ നൽകൂ, മനസ്സിനെ നിർദ്ദേശപ്രകാരം കൊണ്ടുപോകൂ